വ്യാസവിരചിതമായ 'മഹാഭാരത'ത്തെ ഉപജീവിച്ച് ലോകമെമ്പാടുമുള്ള ഭാഷകളിൽ അനേകം കൃതികളുണ്ടായിട്ടുണ്ട്. മലയാള ഭാഷയിലും അത്തരത്തിൽ കുറച്ച് രചനകൾ ഉണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് നിരൂപകശ്രേഷ്ഠനായ കുട്ടിക്കൃഷ്ണമാരാരുടെ 'ഭാരതപര്യടനം'. പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ ഇത് മഹാഭാരതത്തിലൂടെയുള്ള ഒരു യാത്രയാണ്. ആ പര്യടനത്തിൽ മഹാമേരുക്കളെപ്പോലെയുള്ള കഥാപാത്രങ്ങളും കടലിന്റെ ആഴമുള്ള കഥാസന്ദർഭങ്ങളും ആരെയും വിസ്മയിപ്പിക്കുന്ന സംഭവങ്ങളുമൊക്കെക്കൊണ്ട് ചിലത് വിശദീകരിച്ചും ചിലത് വ്യാഖ്യാനിച്ചും മറ്റു ചിലത് പൂരിപ്പിച്ചുപോലും നമുക്ക് അനുഭവവേദ്യമാക്കിത്തരുകയാണ് കുട്ടിക്കൃഷ്ണമാരാർ.

'യുദ്ധത്തിന്റെ പരിണാമം' എന്ന ഭാഗത്ത് മഹാഭാരതരചനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ തന്നെ യുക്തിയുക്തം വിവരിക്കുന്നു. വിദേശ എപ്പിക്കുകളെപ്പോലെ ഏതെങ്കിലും യുദ്ധവീരന്മാരുടെ പരാക്രമങ്ങൾ വർണിക്കുകയായിരുന്നില്ല വ്യാസമഹർഷിയുടെ ലക്ഷ്യം; യുദ്ധം അത് ഏതെല്ലാം വ്യവസ്ഥകളോടെ ആരംഭിച്ചാലും അതിന്റെ കലാശം സർവനാശത്തിലായിരിക്കും. അതുകൊണ്ട് വിവേകശാലികൾ യുദ്ധത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കണം.

ഇതിഹാസമെന്നു പറഞ്ഞാൽ ചരിത്രം, നടന്ന കഥ എന്നാണർഥം. ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു. അങ്ങനെ വരുമ്പോൾ ഏതുകാലത്തും പ്രസക്തമാണ് വ്യാസമഹർഷി അവതരിപ്പിക്കുന്ന ദർശനം. ആധുനിക കാലത്തും യുദ്ധത്തിന്റെ കാർമേഘങ്ങൾ ലോകത്തിനു മുകളിൽ ഉരുണ്ടുകൂടിക്കൊണ്ടേയിരിക്കുന്നു. അതിനുള്ള കാരണവും മഹാഭാരതം തന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്. പകയുടെ പ്രതിനിധിയായ അശ്വത്ഥാമാവ് ചിരഞ്ജീവിയാണല്ലോ. എല്ലാ മനുഷ്യരിലും ദ്രൗണി ജീവിക്കുന്നു. അതിനെ നിയന്ത്രിച്ചില്ലെങ്കിൽ സ്നേഹംകൊണ്ട് ഒന്നായവർ തമ്മിൽപ്പോലും കാരണാന്തരങ്ങളാൽ ഉണ്ടായിത്തീരുന്ന ദ്വേഷമത്സരങ്ങൾ ആഘാത പ്രത്യാഘാതങ്ങളായി വളർന്ന് വലിയ യുദ്ധങ്ങൾക്കു കാരണമായിത്തീരും. അത് ലോകത്തിന്റെ തന്നെ നാശത്തിലേക്കു നയിക്കുകയും ചെയ്യും. അപ്പോൾ പക എന്ന ചെകുത്താനെ എപ്പോഴും എവിടെയും കരുതിയിരിക്കുക എന്നതാണ് മഹാഭാരതം നൽകുന്ന സന്ദേശം.